# ഇവർ കേരളീയരെ മണ്ണു തീറ്റുമോ

കെ. വി. ശിവപ്രസാദ്

**കേ**രളത്തിലെ എംഎൽഎമാരും എംപിമാരും മന്ത്രിമാരും എല്ലാം ഒത്തിരിക്കുന്നു. ഡൽഹിയിലേക്ക് ഒരു യാത്ര. രാഷ്ട്രീയ ശത്രുക്കളും കുതികാൽവെട്ടും തമ്മിൽത്തല്ലുകളും എല്ലാം മറന്ന്. എന്തിനാണെന്നോ? തേങ്ങയ്ക്കും റബറിനും മെച്ചപ്പെട്ട വില കിട്ടാൻ പാമോയിൽ, റബർ ഇറക്കുമതി കുറയ്ക്കാൻ കേന്ദ്രത്തോടാവശ്യപ്പെടണം. കർഷകരോട്, കേരളീയരോട് എന്തൊരു കൂറ് അല്ലേ?

നിങ്ങൾ ചാലക്കുടിയിൽനിന്നും വാഴച്ചാൽ വരെ ഒന്നുപോകൂ. വാഴച്ചാൽ എണ്ണപ്പന ഫാമായതു കാണാം. ഒന്നാന്തരം വാഴത്തോട്ടങ്ങളായിരുന്നു അടുത്തകാലം വരെ ഇവിടം മുഴുവൻ. ചാലക്കുടിപ്പുഴ കൊണ്ടുവരുന്ന എക്കൽ, വറ്റാത്ത ഉറവ- വാഴച്ചാൽ പേരുപോലെ തന്നെ സമ്പന്നമായിരുന്നു. പ്ലാന്റേഷൻ കോർപറേഷനു തോന്നി. ഇവിടമാണ് എണ്ണപ്പന തോട്ടമാക്കാൻ ഏറ്റവും നല്ലത്. പശ്ചിമഘട്ടമാകെ വെട്ടിക്കിളച്ച് ഏകവിളത്തോട്ടമാക്കി മുടിക്കാൻ സർക്കാർ ചെലവിൽ നടക്കുന്ന സ്ഥാപനമാണല്ലോയിത്. കേരളത്തിന്റെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെ അന്താരാഷ്ട്ര കുത്തകകൾ അസംസ്കൃത വസ്തുക്കൾ എത്തിക്കലാണ് കൃഷിയെന്നു പ്രചരിപ്പിക്കാൻ അച്ചാരം വാങ്ങിയ ശാസ്ത്രജ്ഞരുടെ ഒരു നിര തന്നെ ഉപദേശകരായുണ്ട്.

കേരളത്തിന്റെ അടിമത്തം ശാശ്വതമാക്കുന്നത്, നമ്മുടെ സാധാരണ കർഷകർ നട്ടെല്ലൊടിഞ്ഞ് കുടുംബത്തോടെ ജീവിതം അവസാനിപ്പിക്കുന്നത്,... ഒന്നും അറിയേണ്ടാത്ത ഇവർ കാണുകയേയില്ല. എണ്ണപ്പനത്തോട്ടങ്ങൾ ഏറെയുണ്ട്. കോർപറേഷന് മറ്റു തോട്ടങ്ങളും. സമീപകാലത്തു തന്നെ പനയെണ്ണ ചന്തയിലിറക്കാൻ കോർപറേഷൻ നിർബന്ധിതമാവും. അല്ലെങ്കിൽ പനക്കായ മുഴുവൻ മറ്റുത്പാദകർക്ക് കെടുവിലയ്ക്ക് കൈമാറും. കേരളത്തിലെ മണ്ണിന്റെ ഊർവരത മുഴുവൻ അല്പകാലത്തെ നേട്ടത്തിനു വേണ്ടി ചന്തയിലെത്തും. ആദ്യകാലത്ത് ലാഭം കാണും, കാണിക്കും. ക്രമേണ നഷ്ടത്തിന്റെ സംഖ്യയിലെ പൂജ്യങ്ങളുടെ എണ്ണം കൂടും.

ഇപ്പോൾ തന്നെ ഏറെ സ്ഥലം റബർ ഏകവിളത്തോട്ടമാക്കി കേരളത്തിന്റെ മണ്ണും ജലവും അപഹരിക്കുന്നുണ്ട്. റബറിനു വില നിശ്ചയിക്കുന്നത് അന്താരാഷ്ട്ര കുത്തകകളാണെന്നിരിക്കെ- അതിന്റെ പ്രധാനാവശ്യക്കാർ അവരാണല്ലോ- കേരളത്തിന്റെ നല്ല മണ്ണു മുഴുവൻ, ജൈവ വൈവിധ്യം മുഴുവൻ, ഭക്ഷ്യവിഭവം മുഴുവൻ നശിപ്പിച്ചുകൊണ്ട് മരുഭൂമിയാക്കുന്നവർ ഭാവി തലമുറയെ പട്ടിണിക്കിടുക തന്നെയാണ്. ഒരുത്പന്നമെന്ന നിലയിൽ റബറിന്റെ വിലക്കുറവ് കോർപറേഷന്റെയും അത്തരം കർഷകരുടെയും കണക്കുകൂട്ടലാകെ തെറ്റിച്ചു. കിഴക്കൻ സംസ്ഥാനങ്ങളിലെ അളവറ്റ കൃഷിയിൽ നിന്നുവരുന്ന വൻ ഉത്പാദനം, പെട്രോളിയം ഉത്പന്നങ്ങളുടെ ക്ഷാമം എന്നിങ്ങനെ ആപത്തുകൾ ആരംഭിക്കാനിരിക്കുന്നതേയുള്ളു.

കോഴിക്കോട് സർവകലാശാലയ്ക്ക് വിപുലമായ സ്ഥലസൗകര്യമുണ്ട്. അതിന്റെ ആകർഷണീയത തന്നെ അതിനകത്തെ ജൈവവൈവിധ്യ സമ്പന്നതയാണ്. സർവകലാശാല ചെയ്ത ഏറ്റവും നല്ല ഗവേഷണങ്ങളിലൊന്ന് ഒരു ജൈവവളമെന്ന നിലയിൽ ഉപ്പൂത്തിയുടെ (വട്ട, ഉപ്പില) പ്രാധാന്യത്തെക്കുറിച്ചുള്ളതാണ്. കേരളത്തിന്റെ സമ്പദ്ഘടനയെത്തന്നെ സ്വാധീനിക്കാവുന്ന ഒരു നല്ല പഠനം. പക്ഷേ അതിനു പ്രചാരം കൊടുക്കാൻ ആളുണ്ടായില്ല.

ഇപ്പോഴിതാ സ്വന്തം കോമ്പൗണ്ടിൽ 100 ഏക്ര പ്ലാന്റേഷൻ കോർപറേഷനു കൊടുക്കാൻ പോകുന്നു. വെട്ടി വെട്ടിവെളുപ്പിച്ചു കാശാക്കാൻ ഏതു ബുദ്ധിരാക്ഷസന്റെ മണ്ടയിലാണാവോ ഈ നൂതനാശയം പിറവി കൊണ്ടത്. ചെലവെല്ലാം കോർപറേഷൻ ചെയ്യും. അണ്ടി തുടങ്ങിയാൽ ലാഭത്തിൽ പകുതി കലാശാലയ്ക്ക് നല്കും.

എന്നാൽ കലാശാലയ്ക്കു തന്നെ ഇതുണ്ടാക്കരുതോ. മറ്റു ചെടികളൊന്നും നശിപ്പിക്കാതെ. ഡോ. ശിവരാജിനെപ്പോലെ പ്രഗത്ഭർ ഭരിക്കുന്ന സസ്യശാസ്ത്ര വകുപ്പല്ലേ അവിടെയുള്ളത്. എൽ.എസ്.എസ്. എന്ന പേരിലും കുറേകാശ് ചെലവാക്കുന്നില്ലേ. പലപ്പോഴും കുട്ടികൾക്കോ നാട്ടുകാർക്കോ ഒരു ഗുണവും ചെയ്യാത്ത രീതിയിൽ ഊർജം വെറുതെ കളയുകയല്ലേ. പൊതുസേവനം പത്തുദിവസമെങ്കിലും ചെയ്താലേ ബിരുദം പൂർത്തിയാവൂ എന്നു നിയമം പാസാക്കാനുള്ള വിവരമുള്ള അധികാരികളും അവിടെയുണ്ടല്ലോ. എന്നിട്ടും എന്തിനാണ് പ്ലാന്റേഷൻ കോർപറേഷനെ ഏല്പിക്കുന്നത്. കലാശാലയുടെ വൈദഗ്ധ്യം ഇതിനൊന്നും കൊള്ളുകയില്ലെന്നാണോ വിചാരിക്കേണ്ടത്. കശുവണ്ടി കൃഷി ചെയ്താൽ മണ്ണിനെന്തു സംഭവിക്കുമെന്ന് ഡി.ഡി. കൊസാംബി പറഞ്ഞുതന്നിട്ടുണ്ട്. പ്ലാന്റേഷൻ കോർപറേഷൻ തങ്ങളുടെ തോട്ടത്തിലെന്തു ചെയ്യുമെന്നറിയണോ? കാസർകോടു ജില്ലയിലെ പേരിയയിലൊന്നു പോയി നോക്കൂ.

പേരിയയിൽ ചില വാർഡുകളിൽ അർബുദരോഗവും മരണവും വളരെക്കൂടുതലാണെന്ന് ജനകീയാസൂത്രണരേഖ പറയുന്നു. തലയിലെഴുത്തിനെ പഴിക്കുന്നതിനു പകരം വിവരമുള്ള ചില ചെറുപ്പക്കാർ അന്വേഷണം നടത്തി, കാരണവും കണ്ടെത്തി. കോർപറേഷൻ എല്ലാ കൊല്ലവും സാമാന്യം ശക്തമായി തന്നെ കീടനാശിനി തളിക്കുന്നു. കശുമാവു പൂക്കുന്ന സമയത്തെ തേയില കൊതുക് ആക്രമണം തടയാനാണത്രെ. പക്ഷേ, ഇന്നവിടെ ചേനിച്ചകളില്ല, തവളകളില്ല, ചിത്രശലഭങ്ങളില്ല, പക്ഷികൾപോലും അത്യപൂർവം. അങ്ങനെ നിശബ്ദ വസന്തങ്ങളുടെ താഴ്വരകൾ കേരളത്തിൽ രൂപംകൊണ്ടു കൊണ്ടിരിക്കുന്നു. കീടനാശിനി തളിക്കുന്നത് ഹെലികോപ്ടറിൽ നിന്നാണ്. അതിനാൽ സാധനം അതിശക്തമാണ്. വളരെ നേരിയ തരികളാണ്. തോട്ട അതിർത്തിയിൽ 10 അടി ഉള്ളിലേ അടിക്കാവൂ. അതിർത്തിക്കുള്ളിൽ വരുന്ന എൽ.ബി.എസ്. എൻജിനീയറിംഗ് കോളജ്, നവോദയ സ്കൂൾ എന്നിവയുടെ പറമ്പുകളിലടിക്കരുത് എന്നൊക്കെ വ്യവസ്ഥയുണ്ട്. സമയത്തിനും നിബന്ധനയുണ്ട്- കടലാസിൽ. അടുത്ത താമസക്കാരെ അറിയിക്കണം. വീട്ടുമൃഗങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തണം. കുടിവെള്ളം സുരക്ഷിതമാക്കണം തുടങ്ങി വകുപ്പുകളേറെ പക്ഷേ, ഒന്നും നടക്കാറില്ല. ഹെലികോപ്ടറിന്റെ ശബ്ദം കേൾക്കുമ്പോഴായിരിക്കും നാട്ടുകാരറിയുക. പശുക്കളെ മാറ്റിക്കെട്ടാൻപോലും സമയം കിട്ടില്ല. എൻജിനീയറിംഗ് കോളജിനും നവോദയയ്ക്കുമിടയിൽ സാധാരണക്കാരുടെ മക്കൾ പഠിക്കുന്ന സ്കൂളുകളുണ്ട്. ഈ കുഞ്ഞുങ്ങളുടെ ശരീരത്തിലോ കുടിവെള്ളത്തിലോ കീടനാശിനി വീഴരുതെന്നാർക്കും തോന്നിയില്ല. പരുത്തികൃഷിയിൽ ഒരു സുരക്ഷാമാർഗവുമില്ലാതെ കീടനാശിനി തളിപ്പിച്ച് മനുഷ്യശരീരത്തിൽ അതുണ്ടാക്കുന്ന താത്കാലിക വിഷബാധ പഠിച്ച അന്താരാഷ്ട്ര കുത്തകകൾക്ക് ഇതൊരു പ്രശ്നമാണോ. ഈജിപ്റ്റിൽ കുഞ്ഞുങ്ങളെ വയലിൽ നിർത്തി കീടനാശിനി തളിച്ചു കമ്പനി പറഞ്ഞ ന്യായമുണ്ടല്ലോ. യൂറോപ്യൻ കുഞ്ഞുങ്ങളെ അപേക്ഷിച്ച് ഈ കുട്ടികൾക്ക് വില നന്നേ കുറവാണ്- അതേസ്വരം മുഴക്കുന്ന പ്ലാന്റേഷൻ കോർപറേഷനും അന്താരാഷ്ട്ര കുത്തകകളും തമ്മിൽ എന്തുവ്യത്യാസം?

കോളജുകളിൽ കുട്ടികൾ നേച്ചർ ക്ലബുകളും മറ്റും ഉണ്ടാക്കി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നു. പൊതുസ്ഥലങ്ങളെ പച്ചപ്പുള്ളതാക്കി ഭാവിയിലെ പ്രാണവായു ഉറപ്പുവരുത്തുന്നു; ചൂടിൽനിന്നും രക്ഷനേടുന്നു, ജനകീയാസൂത്രണം ഇതിലേക്കും തിരിച്ചുവിട്ട് വനവത്കരണം നടത്തുന്നു. അധികൃതരുടെ ഈ തലതിരിഞ്ഞ വികസനത്തെ ചെറുക്കാൻ, വിവേകമുള്ള യുവക്കാളാരും ഈ കലാശാലയിലില്ലെന്നു വരുമോ? ഭാവിയെക്കുറിച്ച് ഉത്കണ്ഠയുള്ള ഒരു വകുപ്പോ അധ്യാപകനോ അവിടെയില്ലാതാകുമോ?

